LIBRARY ARCHIVES Kerala Legislative Assembly

വലിയപറമ്പ് വില്ലേജ്

319(2675) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉദിയന്നൂർ, തൃക്കരിപ്പൂർ സൗത്ത് എന്നീ വില്ലേജുകളെ വിഭജിച്ച് വലിയപറമ്പ് വില്ലേജ് രൂപീകരിച്ചപ്പോൾ പ്രസ്തുത വില്ലേജിലെ അപേക്ഷകർക്ക് സർക്കാർ സൈറ്റുകളിൽ വലിയപറമ്പ് വില്ലേജെന്ന ഓപ്ഷൻ ഇല്ലാത്തതുകാരണം പല അപേക്ഷകളും നൽകാൻ കഴിയുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അടിയന്തരമായി പരിഹരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റവന്യൂ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പ് വികസിപ്പിച്ചതും കൈകാര്യം ചെയ്യുന്നതുമായ e-district, Revenue Land Information System (ReLIS) എന്നീ വെബ്പോർട്ടലുകളിൽ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ വലിയപറമ്പ് വില്ലേജ് ഓഫീസ് പ്രത്യേക വില്ലേജ് ഓഫീസായിത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. e-district, Revenue Land Information System (ReLIS) വെബ് പോർട്ടലുകളിലൂടെ വലിയപറമ്പ് വില്ലേജിൽനിന്നും ലഭിക്കേണ്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. മറ്റ് സർക്കാർ വകുപ്പുകളോ, സ്ഥാപനങ്ങളോ വികസിപ്പിച്ച് കൈകാര്യം ചെയ്യുന്ന വെബ് പോർട്ടലുകളിലോ, ആപ്ലിക്കേഷനുകളിലോ ലഭ്യമാകുന്ന ഡാറ്റ നിയന്ത്രിക്കുവാനോ ഡാറ്റയിൽ മാറ്റം വരുത്തുവാനോ റവന്യൂ വകുപ്പിന് സാധിക്കുകയില്ല.

അതിരുകൾ അളന്ന് തിട്ടപ്പെടുത്തി നൽകാൻ നടപടി

320(2676) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചിങ്ങോലി പഞ്ചായത്തിൽ ആസ്തി വികസന പദ്ധതിപ്രകാരം നിർവ്വഹിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുള്ള, വാർഡ് 1-ലെ കഴുവേറ്റം കുന്നേൽ ഭാഗത്തെ പിച്ചിംഗ് നിർമ്മാണ പ്രവൃത്തിക്ക് പ്രസ്തുത സ്ഥലത്തെ അതിരുകൾ അളന്ന് തിട്ടപ്പെടുത്തി നൽകാൻ ചിങ്ങോലി വില്ലേജ് ഓഫീസർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

&

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര പ്രധാന്യവും ഇക്കാര്യത്തിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടും കണക്കിലെടുത്ത് മേൽപ്പറഞ്ഞ സ്ഥലത്തെ അതിരുകൾ, എൽ.എസ്.ജി.ഡി. മുതുകുളം ബ്ലോക്ക് എ.എക്സ്.ഇ. ആവശ്യപ്പെട്ട പ്രകാരം, അളന്ന് തിരിച്ച് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ ചിങ്ങോലി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകാമോ?